بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 26.06.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ) തിരുമേനിയുടെ ഔന്നത്യ പദവിയിലുള്ള ബദരീ സ്വഹാബികളായ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, സഅദുബ്നു മുആദ്(റ) എന്നിവരുടെ സ്തുത്യർഹമായ ഗുണവിശേഷളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ-اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ؕ

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

കഴിഞ്ഞ ഖുത്ബയിലും ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)നെക്കുറിച്ചു വിവരിച്ചിട്ടുണ്ടായിരുന്നു. അവശേഷിക്കുന്ന ഭാഗം ഇന്ന് വിവരിക്കുന്നതാണ്. ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ ധർമ്മശീലം പ്രസിദ്ധമായിരുന്നു. വളരെയധികം സാമ്പത്തികത്യാഗം ചെയ്തിരുന്നു. ബദറിൽ പങ്കെടുത്ത ഓരോരുത്തർക്കും നാന്നൂറു ദിനാർ വീതം തന്റെ സ്വത്തിൽ നിന്നും നൽകേണ്ടതാണെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു. അപ്രകാരം തന്നെ നടന്നു. അപ്പോൾ നൂറു സ്വഹാബികളായിരുന്നു അവിടെയുണ്ടായിരുന്നത്. നബി(സ)തിരുമേനി തബൂക്ക് യുദ്ധത്തിനായി സ്വഹാബാക്കളോട് തയ്യാറാകാൻ കല്പിച്ചപ്പോൾ ധനികരോട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗത്തിനും യാത്രാമൃഗങ്ങൾ സൗകര്യപ്പെടുത്തതിനുമായി ആഹ്വാനം നൽകി. അപ്പോൾ അബ്ദുറഹ്മാനുബ്നു ഔഫ്(റ) നൂറ് ഔഖിയാ നൽകി. നബി(സ) തിരുമേനി പറഞ്ഞു; ഹദ്റത്ത് ഉസ്മാനും അബ്ദുറഹ്മാനുബ്നു ഔഫും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് വിനിയോഗിക്കുന്ന ഭൂമിയിലെ അല്ലാഹുവിന്റെ രണ്ടു ഖജനാവുകളാണ്.

ഹദ്റത്ത് അബ്ദുറഹ്മാനു ബ്നുഔഫ്(റ) ഹദ്റത്ത് ഉസ്മാൻ(റ)ൽ നിന്നും നാലായിരം ദിനാറിന് ഭൂമി വാങ്ങുകയും അത് ബനൂ സുഹറായിലെ ദരിദ്രർക്കും ആവശ്യക്കാർക്കും ഉമ്മഹാത്തുൽ മുഅ്മിനീനും (പ്രവാചക പത്നിമാർക്ക്) ഇടയിൽ വിതരണം ചെയ്യുകയും ചെയ്തു. മിസ്വറുബ്നു മഖ്സമ പറയുന്നു; ആ ഭൂമിയിൽ നിന്നും ഞാൻ ഹദ്റത്ത് ആയിശ(റ)ക്ക് അവരുടെ പങ്ക് നൽകിയപ്പോൾ ഹദ്റത്ത് ആയിശ(റ) ചോദിച്ചു ഇതാരാണ് നൽകിയത്. ഞാൻ പറഞ്ഞു; അബ്ദുറഹ് മാനുബ്നു ഔഫ് നൽകിയതാണ്. അപ്പോൾ ഹദ്റത്ത് ആയിശ(റ) പറഞ്ഞു; റസൂലുല്ലാഹ്(സ) പറയുകയുണ്ടായി, എനിക്കു ശേഷം നിങ്ങളോട് സൽപെരുമാറ്റം കാണിക്കുന്നവർ അങ്ങേയറ്റം സഹനം കൈക്കൊള്ളുന്നവരായിരിക്കും. ശേഷം അവർ ഇങ്ങനെ ദുആ ചെയ്തു; അല്ലാഹുവേ നീ അബ്ദു റഹ്മാനെ സ്വർഗത്തിലെ സൽസബീൽ നീരുറവയിൽ നിന്നും കുടിപ്പിക്കേണമേ.

ഒരിക്കൽ മദീനയിൽ ഭക്ഷ്യക്ഷാമമുണ്ടായി. അതിനിടയിൽ ശാമിൽ നിന്നും എഴുന്നൂറ് ഒട്ടകങ്ങളിലായി ഗോതമ്പും ആട്ടയും മറ്റു ഭക്ഷ്യസാധനങ്ങളുമടങ്ങുന്ന സംഘം മദീനയിലെത്തി. അതുകാരണം മദീനയിൽ ഒച്ചപ്പാടും ബഹളവുമായി. ഹദ്റത്ത് ആയിശ ചോദിച്ചു എന്താണീ ബഹളം? ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫിന്റെ എഴുന്നൂറു ഒട്ടകങ്ങളടങ്ങുന്ന സംഘം എത്തിയിരിക്കുന്നു എന്ന് മറുപടി ലഭിച്ചു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ(റ) പറഞ്ഞു; ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫ് മുട്ടിലിഴഞ്ഞുകൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണെന്ന് നബി(സ)തിരുമേനി പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആയിശ(റ)യുടെ ഈ നിവേദനത്തെക്കുറിച്ച് ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫ്(റ) കേട്ടപ്പോൾ അദ്ദേഹം ഹദ്റത്ത് ആയിശ(റ)യുടെ സവിധത്തിലെത്തി എന്നിട്ടു പറഞ്ഞു; അല്ലയോ മാതാവേ! ഞാൻ താങ്കളെ സാക്ഷിയാക്കിക്കൊണ്ട് പറയുന്നു, എനിക്ക് സ്വർഗ്ഗത്തിൽ നടന്നുകൊണ്ട് പ്രവേശിക്കാൻ സാധിക്കുന്നതിനായി ഈ മുഴുവൻ ധാന്യങ്ങളും ഭക്ഷണസാധങ്ങളും ചരക്കുകളും ഒട്ടകപ്പുറത്തിടുന്ന ചുമടുതാങ്ങികളടക്കം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നൽകിയിരിക്കുന്നു. ഒരിക്കൽ അദ്ദേഹം ഒറ്റ ദിവസം കൊണ്ട് മുപ്പതോളം അടിമകളെ സ്വതന്ത്രരാക്കുകയുണ്ടായി.

ഒരവസരത്തിൽ തന്റെ പകുതി ധനമായ നാലായിരം ദിർഹം ദൈവമാർഗ്ഗത്തിൽ നൽകുകയുണ്ടായി. മറ്റൊരിക്കൽ നാല്പതിനായിരം ദിർഹമും പിന്നീടൊരിക്കൽ നാല്പതിനായിരം ദിനാറും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദാനമായി നൽകി. ഒരവസരത്തിൽ അഞ്ഞൂറു കുതിരകളും മറ്റൊരവസരത്തിൽ അഞ്ഞൂറ് ഒട്ടകങ്ങളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇഷ്ടദാനമായി നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ മകൻ അബൂസലമ വിവരിക്കുന്നു; ഞങ്ങളുടെ പിതാവ് ഒരിക്കൽ ഉമ്മഹാത്തുൽ മുഅ്മിനീൻ അഥവാ പ്രവാചക പത്നിമാർക്കായി ഒരു തോട്ടം നൽകാൻ വസിയത്ത്

ചെയ്യുകയുണ്ടായി. ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫ്(റ) വഫാത്തായത് ഇരുപത്തിയൊന്നോ ഇരുപത്തി രണ്ടോ ഹിജ് രിയിലാണ്. 72 വയസ്സുവരെ ജീവിച്ചു. ചില രുടെ അഭിപ്രായത്തിൽ 78 വയസ്സെന്നുമുണ്ട്. ജന്നത്തുൽ ബഖീഇൽ അദ്ദേഹത്തെ ഖബറടക്കി. ഹദ്റത്ത് ഉസ്മാൻ(റ)ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്.

അടുത്തതായി വിവരിക്കുന്നത് ഹദ്റത്ത് സഅദുബ്നു മുആദ്(റ)നെക്കുറിച്ചാണ്. അൻസ്വാർ ഗോത്രമായ ഔസിന്റെ ശാഖയായ ബനൂ അബ്ദുൽ അശ്ഹലുമായിട്ടായിരുന്നു അദ്ദേഹത്തിന് ബന്ധം. ഔസ് ഗോത്രത്തിന്റെ നേതാവായിരുന്നു അദ്ദേഹം. ഹദ്റത്ത് മുസ്അബുബ്നു ഉമൈറിന്റെ കൈകളാലാണ് ഹദ്റത്ത് സഅദുബ്നു മുആദ് ഇസ്ലാംമതം സ്വീകരിച്ചത്. ഹദ്റത്ത് മുസ്അബ് രണ്ടാം ബൈഅത്തെ അഖ്ബയ്ക്കു മുൻപ് മദീനയിൽ വരികയും നബി(സ)തിരുമേനിയുടെ കല്പനയനുസരിച്ച് ജനങ്ങളെ ഇസ്ലാമിലേക്കു ക്ഷണിക്കുകയും അവർക്ക് വിശുദ്ധഖുർആൻ കേൾപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് സഅദുബ്നു മുആദ് ഇസ്ലാം സ്വീകരിച്ചശേഷം ബനൂ അബ്ദിൽ അശ്ഹൽ ഗോത്രത്തോട് പറഞ്ഞു; നിങ്ങൾ ഇസ്ലാം സ്വീകരിക്കുന്നതുവരെ നിങ്ങളിലെ സ്ത്രീകളോടും പുരുഷൻമാരോടും സംസാരിക്കുക എന്നത് ഞാൻ നിഷിദ്ധമായി കരുതുന്നു. അതിനു ശേഷം സഅദ് തന്റെ ഗോത്രത്തിന് ഇസ്ലാമിന്റെ തത്വങ്ങൾ മനസ്സിലാക്കിക്കൊടുത്തു. അന്നേ ദിവസം വൈകുന്നേരമാകുന്നതിനു മുൻപായിത്തന്നെ മുഴുവൻ ഗോത്രവും മുസ്ലിംകളായി എന്നു പറയുന്നു. സഅദുബ്നു മുആദും ഉസൈദുബ്നു ഹുദൈറും സ്വന്തം കരങ്ങൾക്കൊണ്ട് തങ്ങളുടെ സമുദായത്തിന്റെ ബിംബങ്ങൾ തകർക്കുകയുണ്ടായി.

സഅദുബ്നു മുആദും ഉസൈദുബ്നു ഹുദൈറും പ്രമുഖന്മാരായ സ്വഹാബികളിൽ ഉൾപ്പെട്ടിരുന്നു. അൻസ്വാറുകൾക്കിടയിലാണെങ്കിൽ വളരെ ഉന്നത സ്ഥാനമായിരുന്നു അവർക്കുണ്ടായിരുന്നത് . ഈ യുവാവ് അങ്ങേയറ്റം ആത്മാർത്ഥതയും കൂറുമുള്ളവനും ഇസ്ലാമിനോടും അതിന്റെ സ്ഥാപകരോടും ത്യാഗമനോഭാവമുള്ള അനുരക്തനുമായിരുന്നു. യൗവ്വനത്തിൽത്തന്നെയുള്ള അദ്ദേഹത്തിന്റെ മരണത്തിൽ നബി(സ)തിരുമേനി പറഞ്ഞ വാക്കുകൾ ഗഹനമായ യാഥാർത്ഥ്യത്തിലധിഷ്ഠിതമാണ് നബി(സ) പറഞ്ഞു; സഅദിന്റെ മരണത്തിൽ പരമകാരുണികന്റെ സിംഹാസനം പോലും ചലിക്കുകയുണ്ടായി.

ഹുസൂർ പറഞ്ഞു; നബി(സ) തിരുമേനി മദീനയിലെത്തി അധികനാൾ കഴിഞ്ഞിരുന്നില്ല. മക്കയിലെ ഖുറൈശികളുടെ ഭാഗത്തുനിന്നും അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിനും അയാളുടെ ബഹുദൈവാരാധാകരായ കൂട്ടാളികൾക്കുമായി ഒരു ഭീഷണിക്കത്ത് വരികയുണ്ടായി അതായത് മുഹമ്മദ്(സ)ന്റെ സംരക്ഷണത്തിൽ നിന്നും നിങ്ങൾ പിന്തിരിഞ്ഞില്ലെങ്കിൽ അത് നിങ്ങൾക്ക് നല്ലതിനായിരിക്കില്ല. മദീനയിൽ ഈ കത്ത് ലഭിച്ചപ്പോൾ മുൻപുതന്നെ ഇസ്ലാമിന്റെ കഠിനവിരോധികളായിക്കൊണ്ടിരുന്ന ഒരുകൂട്ടർ നബി(സ)തിരുമേനിയുമായി യുദ്ധം ചെയ്യാൻ തയ്യാറായി. എന്നാൽ നബി(സ)തിരുമേനി അവരെ പറഞ്ഞു മനസ്സിലാക്കിയപ്പോൾ അവർ അവരുടെ ഉദ്ദേശ്യത്തിൽ നിന്നും പിൻമാറി. തങ്ങളുടെ പദ്ധതി പരാജയപ്പെട്ടുവെന്നറിഞ്ഞ ഖുറൈശികൾ പിന്നീട് സമാനമായ ഒരു കത്ത് മദീനയിലെ യഹൂദികൾക്കും അയക്കുകയുണ്ടായി. ഈ കത്ത് അയക്കുവാനുള്ള മക്കയിലെ ഖുറൈശികളുടെ വികാരം താല്കാലികമായ ഒന്നായിരുന്നില്ല. മറിച്ച് മുസ്ലിംകൾക്ക് സ്വസ്ഥത നൽക്കുന്നതല്ല എന്നും ഇസ്ലാമിനെ ലോകത്തു നിന്നും തുടച്ചുനീക്കുന്നതാണെന്നും തീരുമാനിച്ചുറച്ച കാര്യമായിരുന്നു.

അവരുടെ ഈ ഉദ്ദേശ്യത്തെ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു സംഭവമുണ്ട്. അതിപ്രകാരമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു; മദീനയിലെ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന സഅദുബ്നു മുആദ് ബൈത്തുല്ലാഹ് ത്വവാഫ് ചെയ്യുന്നതിനായി മക്കയിലെത്തി. അപ്പോൾ അദ്ദേഹത്തെ കണ്ട അബൂജഹൽ കോപാകുലനായിക്കൊണ്ടു പറഞ്ഞു; ആ മതപരിത്യാഗിയായ (നഊദുബില്ലാഹ്) മുഹമ്മദ്(സ)ന് അഭയം നൽകിക്കൊണ്ട് നിങ്ങൾക്ക് സ്വസ്ഥമായി കഅ്ബ ത്വവാഫ് ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നുണ്ടോ? നിങ്ങൾക്ക് അയാളെ (നബി തിരുമേനിയെ) സംരക്ഷിക്കുവാനും സഹായിക്കുവാനുമുള്ള കെല്പുണ്ടെന്നാണോ നിങ്ങൾ കരുതുന്നത്? ഈ സമയത്ത് നിന്റെ കൂടെ അബൂസഫ്വാൻ ഇല്ലായിരുന്നുവെങ്കിൽ നീയൊരിക്കലും വീട്ടിലേക്ക് തിരിച്ചുപോകില്ലായിരുന്നു. അപ്പോൾ സഅദുബ്നു മആദ് പറഞ്ഞു; അല്ലാഹുവാണ! കഅബ ത്വാവാഫ് ചെയ്യുന്നതിൽനിന്നും ഞങ്ങളെ നിങ്ങൾ തടഞ്ഞാൽ ശാമിലേക്കുള്ള മാർഗ്ഗത്തിൽ നിങ്ങൾക്കും സമാധാനപൂർവം സഞ്ചരിക്കാനാകില്ല.

ഹദ്റത്ത് സഅദുബ്നു മുആദ് ബദർ, ഉഹദ്, ഖന്ദഖ് യുദ്ധങ്ങളിൽ നബി(സ) തിരുമേനിയുടെ കൂടെ പങ്കെടുത്തു. ബദർ യുദ്ധ ദിവസം ഔസിന്റെ പതാക അദ്ദേഹത്തിന്റെ കൈകളിലായിരുന്നു. ബദർ യുദ്ധ സമയത്ത് നബി(സ) തിരുമേനിക്ക് അദ്ദേഹം നൽകിയ അഭിപ്രായത്തിൽനിന്നും ഹദ്റത്ത് സഅദുബ്നു മുആദിന്റെ വികാരാവേശങ്ങളും നബി(സ)തിരുമേനിയോടുള്ള സ്നേഹവും അർപ്പണബോധവും വ്യക്തമാകുന്നു. നബി(സ)തിരുമേനി സ്വഹാബാക്കളെയെല്ലാം ഒരുമിച്ചുകൂട്ടി മക്കയിലെ സത്യനിഷേധികളുടെ സൈന്യത്തെക്കുറിച്ച് വിവരം നൽകുകയും ഇനിയെന്താണു ചെയ്യേണ്ടതെന്ന് അഭിപ്രായം ആരായുകയും ചെയ്തു. ചില സ്വഹാബാക്കൾ പറഞ്ഞു നമുക്ക് ചെറു സംഘത്തോട് ഏറ്റുമുട്ടാം. വലിയ സൈന്യത്തോട് ഏറ്റുമുട്ടുവാനുള്ള തയ്യാറെടുപ്പ് നമുക്കില്ല. എന്നാൽ ആ അഭിപ്രായം നബി(സ)തിരുമേനിക്ക് ഇഷ്ടമായില്ല. ഇതു കേട്ടപ്പോൾ മറുവശത്തു നിന്നും മുതിർന്ന സ്വാഹാബാക്കൾ എഴുന്നേറ്റു നിന്നുകൊണ്ട് വികാരഭരിതമായ പ്രഭാഷണ

ങ്ങൾ നടത്തി. ഞങ്ങളുടെ ജീവനും സ്വത്തും എല്ലാം അല്ലാഹുവിന്റെയാണ്. ഞങ്ങൾ എവിടെവച്ചും ഏതു സേവനത്തിനും തയ്യാറാണ്. മിഖ്ദാദുബ്നു അംറ് പറഞ്ഞു; അല്ലാഹുവിന്റെ ദൂതരേ "നീയും നിന്റെ ദൈവവും പോയി യുദ്ധം ചെയ്യുക ഞങ്ങളിവിടെ ഇരിക്കാം" എന്നു പറഞ്ഞ മൂസാ നബിയുടെ അനുയായികളെപ്പോലെയല്ല ഞങ്ങൾ. ഞങ്ങൾ പറയുന്നതിതാണ്; അങ്ങ് ഞങ്ങളെ എവിടേക്ക് നയിച്ചാലും അങ്ങയുടെ കൂടെ ഞങ്ങളുണ്ടാകും. ഞങ്ങൾ താങ്കളുടെ ഇടത്തും വലത്തും മുൻപിലും പിന്നിലും നിന്നുകൊണ്ട് പൊരുതുന്നതാണ്. ഇതു കേട്ടതോടെ നബി(സ)തിരുമേനിയുടെ തിരുമുഖം സന്തോഷത്താൽ തിളങ്ങി. എന്നാൽ അപ്പോഴും അവിടന്ന് അൻസ്വാറുകളുടെ ഭാഗത്തുനിന്നുമുള്ള മറുപടി പ്രതീക്ഷിക്കുകയായിരുന്നു. ഈ വാക്കുകൾ ഒരു അൻസ്വാർ നേതാവിൽ നിന്നും കേൾക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് അവിടന്ന് വീണ്ടും വീണ്ടും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന സഅദുബ്നു മുആദിന് നബി(സ) തിരുമേനിയുടെ ആഗ്രഹം മനസ്സിലായി. ശേഷം അൻസ്വാറുകളുടെ ഭാഗത്തു നിന്നും പറഞ്ഞു; യാ റസൂലല്ലാഹ് താങ്കൾ ഞങ്ങളിൽ നിന്നുള്ള അഭിപ്രായമാണ് ആവശ്യപ്പെടുന്നതെന്ന് തോന്നുന്നു. അല്ലാഹുവാണ! ഞങ്ങൾ താങ്കളെ സത്യവാനെന്നു മനസ്സിലാക്കി വിശ്വസിക്കുകയും ഞങ്ങളുടെ കൈകൾ താങ്കളുടെ കൈകളിലേല്പിക്കുകയും ചെയ്തിരിക്കെ താങ്കൾ ഞങ്ങളെ എവിടേക്കു നയിച്ചാലും ഞങ്ങൾ താങ്കളുടെ കൂടെ വരുന്നതാണ്. താങ്കളെ സത്യവാനായി അയച്ച അല്ലാഹുവിനെ കൊണ്ട് സത്യം! സമുദ്രത്തിൽ ചാടാൻ ഞങ്ങളോടാവശ്യപ്പെടുകയാണെങ്കിൽ ഞങ്ങൾ സമുദ്രത്തിലേക്ക് എടുത്തു ചാടുന്നതാണ് ഞങ്ങളിൽനിന്നാരും തന്നെ പിന്തിരിയുകയില്ല. യുദ്ധത്തിൽ സഹനം കൈക്കൊള്ളുന്നവരായി ഞങ്ങളെ കാണുന്നതാണ്. താങ്കൾക്ക് കണ്ണിനു കുളിർമ്മ നൽകുന്ന പ്രവൃത്തികൾ ഞങ്ങളിൽനിന്നും കാണാവുന്നതാണ് ഇൻശാ അല്ലാഹ്. ഈ പ്രസംഗം കേട്ടപ്പോൾ നബി(സ)തിരുമേനിക്ക് വളരെ സന്തോഷമായി. ശേഷം പറഞ്ഞു; അല്ലാഹുവിന്റെ നാമത്തിൽ മുന്നോട്ടു നീങ്ങുക. എന്തെന്നാൽ സത്യനിഷേധികളുടെ ചെറുസംഘത്തിന്റെയോ സൈന്യത്തിന്റെയോ ഏതെങ്കിലുമൊരു കൂട്ടരുടെമേൽ നമുക്ക് തീർച്ചയായും വിജയം നൽകുന്നതാണെന്ന് അല്ലാഹു വാഗ്ദാനം നൽകിയിരിക്കുന്നു. ശത്രുപക്ഷത്തെ ആളുകൾ മരിച്ചുവീഴുന്ന ഇടങ്ങൾ ഞാനിപ്പോൾ കാണുന്നു.

ഹുസൂർ പറഞ്ഞു; അദ്ദേഹത്തിന്റെ പരാമർശം തുടരുകയാണ് ബാക്കി ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَ نَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 26.06.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516